പതിനാലാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2718 — 18.06.2018 ൽ മറുപടിക്ക്

# ചെങ്ങന്നൂർ റെയിൽവേ സ്റ്റേഷന്റെ സമഗ്ര വികസനം

| ചോദ്യം | | മറുപടി |
| --- | --- | --- |
| ശ്രീ.സജി ചെറിയാൻ | | ശ്രീ. ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ റെയിൽവേ വികസനത്തിൽ കേന്ദ്ര സർക്കാർ പുലർത്തുന്ന വിവേചനങ്ങൾ മൂലം കേരളത്തിലെ റെയിൽ ഗതാഗത വികസനം നേരിടുന്ന പ്രതിസന്ധികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കാമോ;<br><br>(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം സംസ്ഥാനത്തെ റെയിൽവേ വികസന സാധ്യതകൾ കണ്ടെത്തി നിലവിലെ പരാധീനതകൾ പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാൻ കേന്ദ്ര സർക്കാരിന് നൽകിയിട്ടുള്ള നിവേദനങ്ങളുടെ വിശദാംശം ലഭ്യമാക്കുമോ; | (എ) യും (ബി) യും | അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത മൂലവും, ആവശ്യമായ നിക്ഷേപങ്ങൾ ലഭ്യമാകാത്തതു മൂലവും കേരളത്തിലെ റെയിൽവേ വികസനത്തിന് വിഘാതം സൃഷ്ടിക്കുന്നു. സംസ്ഥാനത്തെ റെയിൽവേ വികസന പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുക, റെയിൽപാതകളുടെ അറ്റകുറ്റപ്പണികൾ നടത്തുക, കാലപ്പഴക്കം വന്ന റെയിൽ പാളങ്ങൾ പുന:സ്ഥാപിക്കുക, റെയിലുകളുടെ തേയ്മാനവും വിള്ളലുകളും പരിഹരിക്കുക, പഴക്കം ചെന്നതും ഉപയോഗയോഗ്യമല്ലാത്തതും ആയ കോച്ചുകൾ മാറ്റി, ആധുനിക സൗകര്യങ്ങളോടുകൂടിയ കോച്ചുകൾ ഉള്ള ട്രെയിൻ ഓടിക്കുക, പാത ഇരട്ടിപ്പിക്കൽ, വൈദ്യുതവൽക്കരണം, സിഗ്നൽ പരിഷ്കരണം, റെയിൽ കോച്ച് ഫാക്ടറി, തുടങ്ങിയവയാണ് കേന്ദ്ര സർക്കാർ പുലർത്തുന്ന വിവേചനങ്ങൾ മൂലം കേരളത്തിലെ റെയിൽ ഗതാഗത വികസനം നേരിടുന്ന പ്രതിസന്ധികൾ. മാത്രമല്ല, 2018-19-ലെ കേന്ദ്ര ബജറ്റിൽ സംസ്ഥാനത്തിന് 2017-18 വർഷത്തെ അപേക്ഷിച്ച് 20% കുറവ് വിഹിതമാണ് അനുവദിച്ചിരിക്കുന്നത്. കൂടാതെ പല പദ്ധതികൾക്കും കേരളവും സാമ്പത്തികമായി സഹകരിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. (50 ശതമാനത്തോളം). സംസ്ഥാനത്തെ റെയിൽവേ വികസനത്തിനായി കേരള സർക്കാർ കേന്ദ്ര സർക്കാരിൽ നിരന്തരം സമ്മർദ്ദം ചെലുത്തിവരികയാണ്. ബഹു. മുഖ്യമന്ത്രി പ്രധാന മന്ത്രിക്കും റെയിൽവേ മന്ത്രിക്കും, സംസ്ഥാനത്തിന്റെ റെയിൽവേ വകുപ്പ് മന്ത്രി കേന്ദ്ര റെയിൽവേ വകുപ്പ് മന്ത്രിക്കും, ഇത് സംബന്ധിച്ച് നിരവധി കത്തുകൾ അയച്ചിട്ടുണ്ട്. ഇന്ത്യൻ റെയിൽവേ ദീർഘകാലമായി കേരളത്തോട് കാട്ടുന്ന അവഗണന അവസാനിപ്പിക്കുന്നതിനുമായി നിയമസഭ പ്രമേയം പാസ്സാക്കുകയും പ്രസ്തുത പ്രമേയം റെയിൽവേ മന്ത്രാലത്തിന് അയച്ചുകൊടുക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ കേന്ദ്ര റെയിൽവേ ബഡ്ജറ്റിന് മുന്നോടിയായി വർഷാ വർഷങ്ങളിൽ കേരളത്തിലെ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് |

| | | |
|---|---|---|
| | | മെമ്മോറാണ്ടം സമർപ്പിക്കാറുണ്ട്. റെയിൽ ഗതാഗതം മെച്ചപ്പെടുത്തുന്നതിനായി ഒരു സംയുക്ത സംരംഭക കമ്പനി (JVC) കേരള സർക്കാരും റെയിൽവേ മന്ത്രാലയവും ചേർന്ന് 51:49 എന്ന മൂലധനത്തിൽ കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ എന്ന പേരിൽ ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത കമ്പനി വിവിധ പദ്ധതികൾ ഘട്ടം ഘട്ടമായി നടപ്പിൽ വരുത്തുന്നതിനുള്ള ശ്രമങ്ങൾ നടത്തി വരുന്നു. കേരളത്തിന്റെ പ്രധാന റെയിൽവേ പദ്ധതികൾ ദീർഘകാലമായി നീണ്ടു പോകുന്ന സാഹചര്യത്തിൽ യഥാകാലം പദ്ധതികൾ നടപ്പിലാക്കുന്നതിനായി സതേൺ റെയിൽവേയുടെ തിരുവനന്തപുരം - പാലക്കാട് ഡിവിഷനുകളെ ചേർത്ത് എറണാകുളം ആസ്ഥാനമായി ഒരു പെനിൻസുലാർ സോൺ രൂപീകരിക്കുന്ന വിഷയവും കേന്ദ്ര സർക്കാരിന് മുമ്പാകെ ഉന്നയിച്ചിട്ടുണ്ട്. എന്നാൽ ഒരു പ്രത്യേക സോൺ രൂപവൽകരിക്കാനുള്ള സ്ഥിതി വിശേഷം ഇപ്പോൾ ഇല്ല എന്ന തീരുമാനമാണ് കേന്ദ്രസർക്കാരിന്റെ ഭാഗത്തു നിന്നും ഉണ്ടായിട്ടുള്ളത്. റെയിൽവേ സോൺ അനുവദിക്കുന്നതിന് സമ്മർദ്ദം ചെലുത്തിവരുന്നു. |
| (സി) | ശബരിമല തീർത്ഥാടകരുടെ പ്രധാന സ്റ്റേഷനായ ചെങ്ങന്നൂർ റെയിൽവേ സ്റ്റേഷന്റെ സമഗ്ര വികസനം സാക്ഷാത്കരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ? | (സി) ചെങ്ങന്നൂർ റെയിൽവേ സ്റ്റേഷന്റെ സമഗ്ര വികസനം സാക്ഷാത്കരിക്കുന്നതിന്റെ ഭാഗമായി സ്റ്റേഷന്റെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ